**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 688 — 12.06.2013-ൽ മറുപടിയ്ക്ക്

**പനി പ്രതിരോധത്തിന് മാനേജ്മെന്റ് സെൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ആർ. സെൽവരാജ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് പനി പ്രതിരോധത്തിന് മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടു ണ്ടോ ; | (എ) എപ്പിഡെമിക് മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) സാംക്രമിക രോഗങ്ങളായ ഡെങ്കിപ്പനി, എലിപ്പനി, കോളറ, ചിക്കൻഗുനിയ, ഹെപ്പറ്റൈറ്റിസ് (മഞ്ഞപ്പിത്തം) എന്നിവയെ പ്രതിരോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, കൂടാതെ ഈ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക, പ്രവർത്തന പുരോഗതി നേരിട്ട് വിലയിരുത്തുക, അവലോകനം നടത്തുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി)ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | സംസ്ഥാനത്തെ പകർച്ചവ്യാധി പ്രവർത്തനങ്ങളിൽ സംസ്ഥാന ആരോഗ്യ വകുപ്പുമായി തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടോക്നോളജി, കോട്ടയത്ത് പ്രവർത്തിക്കുന്ന വെക്റ്റർ കൺട്രോൾ റിസർച്ച് സെന്ററിന്റെ ഫീൽഡ് സ്റ്റേഷൻ, നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴയിലെ യൂണിറ്റ് എന്നീ ഏജൻസികളാണ് രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുന്നത്. |
| (ഡി) വാർഡുതലത്തിൽ പ്രതിരോധ പ്രവർത്തനം നടത്താൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ? | (ഡി) വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ, കൊതുക് നശീകരണം, കുടിവെള്ള സ്രോതസ്സുകളെ ശുദ്ധീകരിക്കുവാൻ 'ക്ലോറിനേഷൻ ' നടത്തുക, ആരോഗ്യ ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നു വരുന്നത്. കൂടുതൽ പകർച്ചവ്യാധി ഉണ്ടാകുന്ന അവസരങ്ങളിൽ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റി നേതൃത്വം നൽകുന്നുണ്ട്. ഇതിനായി എൻ.ആർ.എച്ച്.എം. വഴിയായി ഓരോ വാർഡിനും 10,000/ രൂപ എന്ന തോതിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ